⇨ ഇവിടെ ഡോ. ആസാദ് മൂപ്പനോ അദ്ദേഹത്തിന്റെ ട്രസ്റ്റിനോ ഒരു സെന്റ് ഭൂമിപോലും ഇല്ലായിരുന്നു ⇨

# വിലയ്ക്കു വാങ്ങുകയല്ല, വിംസ് ഏറ്റെടുക്കുകയാണ് വേണ്ടത്

വയനാട്ടിലെ സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടാത്ത സ്വകാര്യ മെഡിക്കൽ കോളേജായ വിംസ് കോടികൾ മുടക്കി വാങ്ങി ഗവൺമെന്റ് മെഡിക്കൽ കോളേജാക്കി മാറ്റാനുള്ള സർക്കാർ തീരുമാനം പുനപരിശോധിക്കേണ്ടതുണ്ട്. സ്ഥാപന നടത്തിപ്പിന്റെ ഉടമസ്ഥത മാറിയതു കൊണ്ട് മാത്രം നാളിതുവരെ വിംസ് നടത്തിയ നിയമലംഘനങ്ങൾ ഇല്ലാതാകില്ലെന്നും അതുകൊണ്ട് തന്നെ വിലയ്ക്ക് വാങ്ങലിന് പകരം നിയമപരമായി ഏറ്റെടുക്കുകയാണ് ജനാധിപത്യ ഉത്തരവാദിത്തമെന്നും ആവശ്യപ്പെടുന്നു

**കാരാപ്പുഴ സംരക്ഷണ ജനകീയ സമിതി**

**നിർമാണ**-അനുമതിഘട്ടത്തിൽ തന്നെ പത്തോളം ഭൂ-പരിസ്ഥിതി-മെഡിക്കൽ നിയമങ്ങൾ ലംഘിച്ചുകൊണ്ട് നിലവിൽ വന്ന വയനാട് വിംസ് മെഡിക്കൽ കോളേജ് കോടികൾ മുടക്കി വാങ്ങി ഗവൺമെന്റ് മെഡിക്കൽ കോളേജാക്കി മാറ്റുകയല്ല പകരം പ്രത്യേക ഉത്തരവിലൂടെ ഏറ്റെടുക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. ഭൂപരിധിനിയമങ്ങളും തോട്ടഭൂമി സംരക്ഷണ നിയമങ്ങളും ലംഘിക്കാനും മെഡിക്കൽ കൗൺസിൽ നിയമങ്ങൾ മറികടക്കാനും അന്നത്തെ സർക്കാരിൽ സ്വാധീനം ഉപയോഗിച്ചതുപോലെ ഈ ഏറ്റെടുക്കൽ പ്രക്രിയയിലും ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണ് വിംസ് മാനേജ്മെന്റും സർക്കാർ തലത്തിലെ സ്വാർത്ഥതാത്പര്യക്കാരും ചേർന്ന് ചെയ്യുന്നത്.

2010 മുതൽ വയനാട് ജില്ലയിൽ 300 കിടക്കകളോട് കൂടിയ ആശുപത്രി നടത്തിവരികയാണെന്നും അത് മെഡിക്കൽ കോളേജായി ഉയർത്താൻ യോഗ്യമാണെന്നുമുള്ള വ്യാജ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ സ്വകാര്യ സ്വാശ്രയമെഡിക്കൽ കോളേജിനു അനുമതി വാങ്ങിയെടുക്കുമ്പോൾ ഇവിടെ ഡോ. ആസാദ് മൂപ്പനോ അദ്ദേഹത്തിന്റെ ട്രസ്റ്റിനോ ഒരു സെന്റ് ഭൂമിപോലും ഇല്ലായിരുന്നു. തോട്ടഭൂമി എന്ന നിലയിൽ വിവിധ ഭൂനിയമങ്ങളുടെ സംരക്ഷണത്തിൽപ്പെടുന്ന കോളേരി എസ്റ്റേറ്റ് അനധികൃത തരംമാറ്റവും കൈമാറ്റവും നടത്തി കെട്ടിടനിർമാണം ആരംഭിക്കുന്നത് ഏകദേശം ഒരു വർഷത്തിനുശേഷമാണ്. അതീവ പാരിസ്ഥിതിക ദുർബലപ്രദേശത്ത് ആരംഭിക്കുന്ന ഈ വൻകിട പദ്ധതി പരിസ്ഥിതിക്കും മറ്റും ഏൽപ്പിക്കുന്ന പരിക്കിനെക്കുറിച്ചും നിയമലംഘനങ്ങളെക്കുറിച്ചും ശാസ്ത്രജ്ഞരടക്കമുള്ള വിദഗ്ദ്ധസമിതി സ്ഥലം സന്ദർശിച്ച് വിശദമായിത്തന്നെ അധികാരികളെ അറിയിച്ചതാണ്. വയനാട്ടിലെ സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടാത്ത മെഡിക്കൽ ടൂറിസം മെഡിക്കൽ കോളേജിനു പകരം ഗവൺമെന്റ് മെഡിക്കൽ കോളേജും ശ്രീചിത്രയുടെ സൂപ്പർസെപ്ഷ്യാലിറ്റി സെന്ററിന്റെയും അനുമതിയും നിർമ്മാണവും വേഗത്തിലാക്കണമെന്നും പഠനത്തിന് നേതൃത്വം നൽകിയ ഡോ.വി.എസ് വിജയൻ, ഡോ. എ.അച്യുതൻ, ഡോ. ടി.വി. സജീവ്, ഡോ. എം. അമൃത്, ഡോ. അനിൽ സക്കറിയ, സി.ആർ. നീലകണ്ഠൻ എന്നിവർ അന്നുതന്നെ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഏഴു വർഷങ്ങൾക്ക് ശേഷവും ഗവൺമെന്റ് മെഡിക്കൽ കോളേജിനായുള്ള സ്ഥലമെടുപ്പു പോലും കഴിഞ്ഞിട്ടില്ല. അതിനായി സൗജന്യമായി ലഭിച്ച ഭൂമിയിൽ മരം മുറി കഴിയുകയും റോഡ് നിർ



ഡി.എം മെഡിക്കൽ കോളേജ് നിർമ്മാണം (ഫയൽ ചിത്രം)

മ്മാണം ആരംഭിക്കുകയും ചെയ്ത ശേഷം സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ഉപേക്ഷിച്ചതിന്റെ പിന്നിൽ സ്വകാര്യമെഡിക്കൽ കോളേജ് കൈമാറ്റത്തിനായി അണിയറപ്രവർത്തനം നടത്തുന്നവരുടെ കൈകളായിരുന്നുവെന്ന് കൂടുതൽ തെളിയുകയാണിപ്പോൾ.

മേൽപ്പറഞ്ഞ നിയമലംഘനങ്ങളുടെ തെളിവുകളും രേഖകളും അടക്കം കാരാപ്പുഴ സംരക്ഷണ സമിതി കോഴിക്കോട് വിജിലൻസ് കോടതിയെ സമീപിക്കുകയും തുടർന്ന് കേസ് ഹൈക്കോടതിയിൽ എത്തുകയും സമർപ്പിച്ച രേഖകൾ പ്രകാരം സമിതിയുടെ വാദങ്ങൾ ശരിയാണെന്നും എന്നാൽ ആരോഗ്യ സെക്രട്ടറി ഗവൺമെന്റിനു നഷ്ടം വരുത്തിയില്ലയെന്നും ദുരുദ്ദേശമുണ്ടായിരുന്നില്ലെന്നും നൽകിയ വിശദീകരണത്തിൽ കേസ് അവസാനിപ്പിക്കുകയുമായിരുന്നു. അത്തരത്തിൽ ആരംഭിച്ച ഒരു സ്ഥാപനം മാനേജ്മെന്റ് കരുതിയപോലെ ലാഭകരമാകാതിരുന്ന സാഹചര്യത്തിൽ സർക്കാർ അത് വിലയ്ക്കുവാങ്ങുന്നത് ജനങ്ങളെ വിഡ്ഢികളാക്കലും പ്രത്യക്ഷമായ അഴിമതിയുമാണ്.

മാനേജ്മെന്റ് നടത്തിയ നിയമലംഘനങ്ങളും അഴിമതിയും ചൂണ്ടികാട്ടി നിയമപരമായി തന്നെ ഏറ്റെടുക്കാവുന്ന ഒരു വൻകിടസ്ഥാപനമാണ് നിരവധികോടികൾ വില നൽകി സർക്കാർ വാങ്ങുന്നത്. നിലവിൽ കഴിഞ്ഞ രണ്ടോ മൂന്നോ ബാച്ച് അഡ്മിഷൻ നടക്കാതിരിക്കുകയും തുടർച്ചയായ വർഷങ്ങളിലെ വെള്ളപ്പൊക്കവും മലയിടിച്ചിലുമൊക്കെയായി പ്രതീക്ഷിച്ച പോലെ വിദേശത്ത് നിന്നും രോഗികളെ എത്തിച്ച് ആരോഗ്യ ടൂറിസം സാധ്യമാക്കാൻ കഴിയാതെ വരുകയും ഒട്ടേറെ നിയമ–സാമ്പത്തിക കുരുക്കിലാവുകയും ചെയ്ത വിംസ് മാനേജ്മെന്റിനെ രക്ഷിച്ചെടുക്കാനുള്ള ശ്രമം മാത്രമാണിത്. സർക്കാർ വില നൽകി ഏറ്റെടുക്കുകയാണെങ്കിൽ 250 കോടി രൂപ ഇളവ് നൽകാം എന്നാണ് വിംസ് മെഡിക്കൽ കോളേജിന്റെ മാനേജിങ് ട്രസ്റ്റി ഡോ. ആസാദ് മൂപ്പൻ പറയുന്നത്. നിയമലംഘനങ്ങളിലൂടെ മാത്രം കെട്ടിപ്പൊക്കിയ ഡി.എം. വിംസ് എന്ന സ്വകാര്യ- സ്വാശ്രയ കോളേജിന്റെ മാനേജിങ് ട്രസ്റ്റിയെ ജനങ്ങൾക്ക് മുന്നിൽ വെള്ളപൂശി ദൈവമായി അവതരിപ്പിക്കാനുള്ള വിലകുറഞ്ഞ തന്ത്രമാണ് 250 കോടി രൂപ ഇളവ്. സാധ്യതാപഠന വിദഗ്ധ സമിതി സ്ഥലവും സ്ഥാപനവും സന്ദർശിച്ച് വിലയും സാധ്യതകളും മറ്റുവ്യവസ്ഥകളും തീരുമാനിക്കുന്നതിനു മുൻപ് തന്നെയുള്ള ആസാദ് മൂപ്പന്റെ ഈ പ്രസ്താവന രാഷ്ട്രീയ നിറവ്യത്യസമില്ലാതെ അദ്ദേഹത്തിനുവേണ്ടി അണിയറയിൽ നടക്കുന്ന ചരടുവലികളുടെ തെളിവാണെന്ന് സമിതി ആരോപിച്ചു. വിദഗ്ധസമിതി അംഗങ്ങളുടെ ഈ രംഗത്തെ വൈദഗ്ധ്യത്തെക്കുറിച്ചും തീരുമാനമെടുക്കാനുള്ള അധികാരത്തെക്കുറിച്ചും ആശങ്ക ഉയർന്നു കഴിഞ്ഞു. ജനങ്ങൾക്കും മാധ്യമങ്ങൾക്കും മുന്നിൽ ഈ വിഷയത്തിൽ നാളിതുവരെ നടന്ന നീക്കങ്ങളും നിലവിലെ സ്ഥാപനത്തിന്റെ അവസ്ഥയും കണ്ടെത്തലുകളും തുറന്നു പറയണമെന്ന് വിദഗ്ധസമിതി അംഗങ്ങളോട് ഞങ്ങൾ ആവശ്യപ്പെടുന്നു.

സ്ഥാപന നടത്തിപ്പിന്റെ ഉടമസ്ഥത മാറിയതു കൊണ്ട് മാത്രം നാളിതുവരെ നടത്തിയ നിയമലംഘനങ്ങൾ ഇല്ലാതാകില്ലെന്നും അതുകൊണ്ട് തന്നെ വിലയ്ക്ക് വാങ്ങലിനുപകരം നിയമപരമായി ഏറ്റെടുക്കുകയാണ് ജനാധിപത്യ ഉത്തരവാദിത്തമെന്നും കാരാപ്പുഴ സംരക്ഷണ ജനകീയസമിതി ചെയർമാൻ തോമസ് അമ്പലവയൽ, കൺവീനർ ഡോ. ഹരി പി.ജി എന്നിവർ പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ■